**ശ്രദ്ധ ക്ഷണിക്കൽ**

(1) കോഴിക്കോട് മെഡിക്കൽ കോളേജ്/ജനറൽ ആശുപത്രിയിലെ വികസന പ്രവർത്തനങ്ങൾ

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, അങ്ങ് പറഞ്ഞത് ശരിയാണ്. സഭയിൽ ശരിയായ വിഷയങ്ങൾ പലപ്പോഴും ചർച്ച ചെയ്യാൻ സമയം ലഭിക്കാറില്ല. രാഷ്ട്രീയ പ്രസംഗങ്ങളിൽ ഒതുങ്ങിപ്പോകുന്ന അവസ്ഥയുള്ളതിനാൽ അതിനൊരു മാറ്റമുണ്ടാകൻ സാധിക്കണം.

ഇന്ത്യയിലെ ഏറ്റവും നല്ല മെഡിക്കൽ കോളേജുകളിലൊന്നായ കോഴിക്കോട് മെഡിക്കൽ കോളേജും ഗവൺമെന്റ് സ്ഥാപനമായ ജനറൽ ആശുപത്രിയുടെ അവസ്ഥയെക്കുറിച്ചുമാണ് ഞാൻ ഇന്ന് ശ്രദ്ധ ക്ഷണിക്കുന്നത്. കാരണം, പല ആശുപത്രികളിലും നടക്കാത്ത ഒട്ടേറെ കാര്യങ്ങൾ ചെയ്ത് ഏറ്റവും ഭംഗിയായി പ്രവൃത്തിച്ചുകൊണ്ടിരിക്കുന്ന രണ്ട് ആശുപത്രികളാണിത്. അവിടത്തെ ചെറിയ കണക്കുകൾ പരിശോധിക്കുകയാണെങ്കിൽ, കോഴിക്കോട് മെഡിക്കൽ കോളേജിൽ 100 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. 35 കോടി രൂപ ചെലവാക്കി 3

ഹോസ്റ്റലുകൾ, 11 കോടി രൂപ ചെലവഴിച്ച് ട്രോമ കെയർ സെന്റർ, 5 കോടി രൂപ ചെലവഴിച്ച് സ്ട്രോക്ക് യൂണിറ്റ്, 6.85 കോടി രൂപ ചെലവഴിച്ച് പാരാമെഡിക്കൽ യൂണിറ്റ് എന്നിവയുടെ നിർമ്മാണം നടന്നുവരികയാണ്. നേഴ്സിംഗ് ഹോസ്റ്റലിന്റെ രണ്ടാംഘട്ടത്തിന്റെ ഭാഗമായി രണ്ടാമത്തെ നിലകൂടി നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതുണ്ട്. ആരോഗ്യ സർവ്വകലാശാലയുടെ സെന്റർ 6.75 കോടി രൂപയ്ക്ക് നിർമ്മാണം നടത്തികൊണ്ടിരിക്കുന്നു. ഇങ്ങനെ ഒട്ടേറെ വികസന പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. പക്ഷേ അവിടെ ജീവനക്കാരുടെ പോരായ്മ വലിയ തോതിലുണ്ടെന്നുള്ളത് വാസ്തവമാണ്. ജീവനക്കാരുടെ പോരായ്മ പല മേഖലകളിലുമുണ്ട്. 196 കോടി രൂപ ചെലവഴിച്ചുകൊണ്ടാണ് പി.എം.എസ്.എസ്.വൈ. (Pradhan Mantri Swasthya Suraksha Yojana) യൂണിറ്റ് നിർമ്മിക്കപ്പെട്ടിട്ടുള്ളത്. അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയുമാണ് ഉദ്ഘാടനം നിർവ്വഹിച്ചിട്ടുള്ളത്. ഒരിടത്തുമില്ലാത്ത അത്യാധുനികമായ സൗകര്യങ്ങളുള്ള 18 ഓപ്പറേഷൻ തീയേറ്ററുകളാണ് അവിടെയുള്ളത്. ഓപ്പറേഷൻ തീയേറ്ററുകളിൽ ഏറ്റവും പരിചയ സമ്പന്നരായ

നഴ്സിംഗ് സ്റ്റാഫുകളും ഡോക്ടർമാരും സ്പെഷ്യലിസ്റ്റുകളും ആവശ്യമാണ്. ഇങ്ങനെ ഒട്ടേറെ ആവശ്യങ്ങളുള്ളത് കൃത്യമായി നിർവഹിക്കാൻ സാധിക്കണം. എൻ.എം.സി.എച്ച്., (Nalanda Medical College and Hospital) ഐ.എം.സി.എച്ച്., (Integrated Maternal and Child Health) പി.എം.എസ്.എസ്.വൈ., ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചെസ്റ്റ് ഡിസീസിന് ഉൾപ്പെടെ **ഒരു ദിവസം ആകെ 15 ലക്ഷം രോഗികളാണ് ഒ.പി.യിൽ വന്നുകൊണ്ടിരിക്കുന്നത്.** അതുപൊലെ, ആകെ ഐ.പി. വിഭാഗത്തിൽ 130000 രോഗികളാണ് അവിടെ അഡ്മിഷൻ നേടിക്കൊണ്ടിരിക്കുന്നത്. 20000 മേജർ സർജറികളാണ് അവിടെ നടത്തികൊണ്ടിരിക്കുന്നത്. കിഡ്നി ട്രാൻസ്പ്ലാന്റേഷൻ 47 എണ്ണം ചെയ്തുകൊണ്ടിരിക്കുന്നു. ഐ.എം.സി.എച്ച്. ഏഷ്യയിലെതന്നെ ഏറ്റവും കൂടുതൽ പ്രസവം നടക്കുന്ന ആശുപത്രികളിലൊന്നാണ് ഇത്. അവിടെ ഒരു വർഷം 10542 പ്രസവങ്ങളാണ് നടക്കുന്നത്. ഇങ്ങനെ ധാരാളം പ്രത്യേകതകളുള്ള ആശുപത്രിയാണ്. 3229 ബെഡ്ഡുകളും എം.ആർ.ഐ. സ്കാനിംഗും ഉണ്ട്. രണ്ട് എം.ആർ.ഐ. സ്കാനിംഗ് മെഷീനുള്ളതിൽ ഒരെണ്ണം കേടുവന്നിട്ടുണ്ട്. പതിനാറ് വർഷം പ്രവർത്തിച്ചിട്ടുള്ള

എം.ആർ.ഐ. സ്കാനിംഗാണ് അവിടെയുള്ളത്. ഈ മെഷീന് 10 കൊല്ലത്തെ ഗ്യാരന്റിയാണ് പറഞ്ഞിരിക്കുന്നത്. രണ്ട് കാര്യങ്ങൾകൂടി പറയാനുണ്ട്.

മി. സ്പീക്കർ: പ്ലീസ്.....പ്ലീസ്..... ശ്രദ്ധ ക്ഷണിക്കൽ അവതരണത്തിന് 3 മിനിട്ടാണ് നൽകുന്നത്.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, ഇതിനൊക്കെ നിയമവും പരിധിയുമുണ്ട്. പ്രസംഗങ്ങൾക്ക് സമയപരിധിയില്ല. ഇതാണ് ഇവിടത്തെ പ്രശ്നം. ഞാൻ വളരെ അപൂർവമായി മാത്രമല്ലേ പറയാറുള്ളൂ; ഒരു ദിവസം 45 എം.ആർ.ഐ. സ്കാനിംഗ് ചെയ്തിരുന്നത് ഇപ്പോൾ ഒരു പുതിയ സ്കാനിംഗ് മെഷീൻ ലഭിച്ചിട്ടും 30 എണ്ണം മാത്രമേ ചെയ്യാൻ സാധിക്കുന്നുള്ളൂ. അവിടെ ഏറ്റവും കൂടുതൽ ഡിമാന്റാണുള്ളതാണ്. സാധാരണക്കാരായ ബി.പി.എൽ. രോഗികൾക്ക് തികച്ചും സൗജന്യമായും അല്ലാത്തവർക്ക് 3000 രൂപ മാത്രം ചാർജ്ജ് ചെയ്തുകൊണ്ട് എല്ലാ തരത്തിലുമുള്ള എം.ആർ.ഐ. സ്കാനിംഗ് അവിടെ എടുക്കുന്നുണ്ട്. അവിടെ പുതിയതായി ഒരു മെഷീൻ വാങ്ങണമെങ്കിൽ 8 കോടി രൂപ ആവശ്യമാണ്. അത് അടിയന്തരമായി വാങ്ങാനുള്ള നടപടി സ്വീകരിക്കണം. PET (A positron emission tomography) സ്കാൻ

അവിടെയുണ്ടെങ്കിലും അതിന്റെ ഉദ്ഘാടനം നിർവഹിക്കപ്പെട്ടിട്ടില്ല. 11000 രൂപയ്ക്ക് PET സ്കാനിംഗ് ചെയ്യുന്നത് മറ്റ് സ്വകാര്യ ആശുപത്രിയിൽ 10,000 രൂപ മുതൽ 20000 രൂപ വരെ ചാർജ്ജ് ചെയ്യുന്നുണ്ട്. 194 വെന്റിലേറ്ററുകളാണുള്ളത്. പി.എം. കെയറിൽ 50 വെന്റിലേറ്റർ നൽകിയെങ്കിലും മുഴുവനും കേടായി പ്രവർത്തിക്കാത്ത അവസ്ഥയാണ്. അവിടെ പുതിയതായി നിർമ്മിക്കപ്പെട്ടിട്ടുള്ള എക്സാം ഹാൾ 13 കോടി രൂപ ചെലവഴിച്ച് പൂർത്തീകരിച്ചതിന്റെ ഉദ്ഘാടനം നിർവഹിക്കണം. 4 കോടി രൂപ ചെലവഴിച്ച് ഡ്രഗ്സ് സ്റ്റോർ പൂർത്തിയാക്കിയിട്ടുണ്ട്. കോമ്പൗണ്ട് വാളിന് അഞ്ചരകോടി അനുവദിച്ചതിൽ പ്രവൃത്തി മുക്കാൽ ഭാഗവും പൂർത്തിയായിട്ടുണ്ട്. അതിനുപുറമെ നെഞ്ച് രോഗ ആശുപത്രികളിൽ ഇക്കാലയളവിൽ നേടിയിട്ടുള്ള നേട്ടങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് എത്തിയിട്ടുണ്ട്. Negative-pressure ventilation സംവിധാനത്തോടെയുള്ള ഐ.ആർ.സി.യു. (Intermediate Respiratory Care Unit) ആരംഭിച്ചിട്ടുണ്ട്. നിലവിൽ 30 കിടക്കകളുള്ള വാർഡ് എച്ച്.ഡി.യു. (High Dependency Unit) സംവിധാനത്തിലേയ്ക്ക് ഉയർത്തി. Stending, cryotherapy, electrocautery തുടങ്ങിയ ബ്രോങ്കോസ്കോപ്പിക്

ഇന്റർവെൻഷനുകൾ കൂടാതെ റിജിഡ് ബ്രൊങ്കോസ്കോപ്പി, EBUS (Endo Bronchial Ultra Sound) തുടങ്ങിയ പരിശോധനകളും ചെയ്യുന്നുണ്ട്. ഇതിൽ പുതിയതായി ഒരുകാര്യംകൂടി ആവശ്യമുണ്ട്. അത് വകുപ്പുമന്ത്രിയെ പ്രത്യേകമായി അറിയിച്ചിട്ടുണ്ട്. ശ്വാസകോശ രോഗങ്ങളും അർബുദവും ആളുകളിൽ വളരെയധികം കൂടുതലായി കാണപ്പെടുന്നു. രോഗനിർണ്ണയത്തിനായി വണ്ണം കുറഞ്ഞ ബ്രോങ്കോസ്കോപ്പ് ആവശ്യമാണ്. 3.1 മില്ലീ മീറ്റർ വ്യാസമുള്ള ഒരു ബ്രൊങ്കോസ്കോപ്പിന് 1.6 മില്ലീ മീറ്റർ കൂടുതലുള്ള ചാനലുണ്ടെങ്കിൽ വളരെ ചെറിയ മുഴയിൽനിന്നും ബയോപ്സിയെടുക്കാൻ സാധിക്കും. മുൻപ് പരാമർശിച്ച നാവിഗേഷൻ സിസ്റ്റത്തോടൊപ്പം ഇത്തരമൊരു ബോങ്കോസ്കോപ്പ് അത്യാവശ്യമാണ്. കൂടാതെ, ഇത്തരം ചെറിയ ബ്രോങ്കൊസ്കോപ്പുകൾ കുട്ടികളിൽ വളരെയധികം പ്രയോജനപ്പെടും. 5.8 മില്ലീ മീറ്റർ വ്യാസവും വർക്കിംഗ് ചാനൽ 3 മില്ലീ മീറ്ററുള്ള ബ്രോങ്കോസ്കൊപ്പുകൾ കാൻസർ രോഗികളിലെ ശ്വാസതടസ്സം മാറ്റാനുള്ള ചികിത്സകൾക്ക് വളരെ പ്രയോജനപ്രദമാകും. ഇത് വാങ്ങിനൽകിയാൽ തുടക്കത്തിൽത്തന്നെ രോഗം കണ്ടുപിടിക്കാൻ സാധിക്കും. ശ്വാസകോശത്തിലും കരളിലും വരുന്ന

കാൻസറുകൾ ഏറ്റവും പേടിക്കേണ്ട ഒന്നാണ്. രോഗം തുടക്കത്തിൽത്തന്നെ കണ്ടുപിടിക്കാൻ കഴിഞ്ഞാൽ ചികിത്സ വളരെ എളുപ്പത്തിലാക്കാൻ സാധിക്കും. ഇത്തരം രോഗങ്ങൾ 100 ശതമാനവും മാറ്റാൻ കഴിയുന്ന സംവിധാനങ്ങൾ ഇപ്പോൾ നിലവിലുണ്ട്. ഗവൺമെന്റ് ജനറൽ ഹോസ്പിറ്റൽ, കോഴിക്കോടിൽ (ബീച്ച്) 2000-ത്തോളം ആളുകൾ ഒ.പി.-യിൽ വരുന്ന ഏറ്റവും പ്രധാനപ്പെട്ട ആശുപത്രിയാണ്.

മി. സ്പീക്കർ: യെസ്....ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ.... ഇനി പറ്റില്ല......

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: ആ ആശുപത്രിയുടെ മാസ്റ്റർ പ്ലാനിൽ പുതിയ ബിൽഡിംഗ് നിർമ്മിക്കാനായി കിഫ്ബി 100 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിന്റെ പ്രവൃത്തി എത്രയും പെട്ടെന്ന് നടത്തേണ്ടതുണ്ട്. അതുപോലുള്ള പല പ്രവർത്തനങ്ങളും പി.എം.എസ്.എസ്.വൈ. വഴി ഏകദേശം അഞ്ഞൂറോളം നഴ്സുമാരാണ് വേണ്ടത്. അവിടെ എച്ച്.ഐ.എസ്.-ൽനിന്ന് ദിവസവേതന അടിസ്ഥാനത്തിൽ കുറച്ച് ആളുകളെ നിർത്തിയിരിക്കുകയാണ്. അതൊക്കെ പരിഹരിക്കാനുള്ള അടിയന്തര നടപടിയാണ് വേണ്ടത്. ഇക്കാര്യമാണ് ശ്രദ്ധ ക്ഷണിക്കലിലൂടെ പറയാനുള്ളത്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ബഹുമാന്യനായ അംഗം സൂചിപ്പിച്ചതുപോലെ, കേരളത്തിന്റെ മെഡിക്കൽ വിദ്യാഭ്യാസരംഗത്ത് ഏറ്റവും മികവോടെ മുന്നോട്ടുപോകുന്ന സ്ഥാപനമാണ് കോഴിക്കോട് മെഡിക്കൽ കോളേജ്. ഈയടുത്ത കാലത്ത് ചരിത്രം സൃഷ്ടിച്ചുകൊണ്ട്, മൂന്ന് കുട്ടികൾക്ക് ഒരേസമയം ബോൺ കൺഡക്ഷൻ ഇംപ്ലാന്റ് രാജ്യത്താദ്യമായി സൗജന്യമായി ചെയ്തത് ഈ സർക്കാർ മെഡിക്കൽ കോളേജിലാണ്. ഏകദേശം പന്ത്രണ്ട് വർഷം മുമ്പ് ലഭിച്ച അപേക്ഷയാണ്. അതിൽ ഏറ്റവും മുതിർന്നയാൾക്ക് 20 വയസ്സാണുള്ളത്. നമ്മുടെ സാങ്കേതികവിദ്യ ആ രീതിയിൽ ഡെവലപ്പ് ചെയ്തതിനാൽ നമുക്ക് അതിപ്പോൾ യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞുവെന്നത് ദേശീയ തലത്തിലൊക്കെ വാർത്തയായിരുന്നു എന്നുള്ളതുകൂടി ഈ അവസരത്തിൽ ഞാൻ ഓർക്കാൻ ആഗ്രഹിക്കുകയാണ്.

ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, ഏറ്റവുമധികം പ്രസവം നടക്കുന്ന മെഡിക്കൽ കോളേജാണ് അവിടെയുള്ള IMCH (Institute of Maternal & Child Health). അതോടൊപ്പം ശിശു പരിചരണത്തിനും ശിശു

ചികിത്സയിലും രാജ്യത്ത് ഏറ്റവും മികച്ചനിലയിൽ പ്രവർത്തിക്കുന്ന ആശുപത്രികൾക്കുള്ള പുരസ്കാരമായ MUSQAN അവാർഡും നമുക്ക് ലഭിച്ചിരുന്നു.

ഈ കാലഘട്ടത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ നടക്കുന്ന 550 കോടിയോളം രൂപയുടെ നിർമ്മാണപ്രവർത്തനത്തിൽ 195 കോടിരൂപയുടെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണപ്രവർത്തനവും ഉൾപ്പെടുന്നുണ്ട്. അതിന്റെ ഉത്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിച്ചിരുന്നു. വളരെ മികച്ചരീതിയിലുള്ള സംവിധാനങ്ങളും മനോഹരവും സാങ്കേതികവിദ്യയിൽ മികച്ചുനിൽക്കുന്നതുമായ Operation Theatre- കൾ ഉൾപ്പെടെയാണവിടെയുള്ളത്.

കോഴിക്കോട് മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനപ്രവർത്തനങ്ങളുടെ തുടർച്ചയെന്നുള്ള നിലയിൽ, ബഹുമാനപ്പെട്ട അംഗത്തിന്റെ അഭിപ്രായമുൾപ്പെടെ സ്വീകരിച്ചുകൊണ്ട് പുതിയ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് സംബന്ധിച്ചുള്ള ഫൈനൽ ഡിസിഷൻ എടുത്തിട്ടുണ്ട്. HITES ആണ് അതിന്റെ നിർവ്വഹണ ഏജൻസി. അതുമാത്രമല്ല; ഞാൻ മന്ത്രിതലത്തിൽ ഈ വർഷം ജനുവരി മാസം ചേർന്ന യോഗത്തിലാണ് അതിന്റെ

അന്തിമതീരുമാനമെടുത്തിട്ടുള്ളത്. കോഴിക്കോട് മെഡിക്കൽ കോളേജിന്റെ സമഗ്രവികസനത്തിനുള്ള നിർമ്മാണപ്രവർത്തനങ്ങൾ ഘട്ടംഘട്ടമായി നടത്താൻ തീരുമാനിക്കുകയും ഒന്നാം ഘട്ടമായി 187 കോടി രൂപയുടെ ഒ.പി. ബ്ലോക്ക്, അത് നല്ലനിലയിൽ മുന്നോട്ടുവരുമെന്ന് തന്നെയാണ് പ്രതീക്ഷിക്കപ്പെടുന്നത്. അതുകൂടാതെ 2018, 2023 വർഷങ്ങളിൽ നിപ വന്നതിനാൽ അവിടെ പ്രത്യേകമായി ഒരു ഐസൊലേഷൻ ബ്ലോക്ക് അനുവദിക്കുന്നതിനുവേണ്ടി 34 കോടി രൂപ സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുണ്ട്. അതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാൻ പോകുകയാണ്.

സർക്കാർ തലത്തിൽ അതായത് സംസ്ഥാന സർക്കാരിന്റെ ആരോഗ്യ വകുപ്പിനുകീഴിൽ ഒരു BSL level 3 Lab 2024-ൽ കോഴിക്കോട് പ്രവർത്തനമാരംഭിക്കും. അതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ഏതാണ്ട് പൂർത്തിയായിട്ടുള്ളതിനാൽ ആ രീതിയിലുള്ള **pathogens** നമുക്കവിടെ പരിശോധിക്കാനായി കഴിയും. അത് ബയോ സേഫ്റ്റി ലെവൽ 3 വൈറോളജി ലാബാണ്. സർക്കാർ ഇത് ICMR-ന്റെ സഹായത്തോടെയാണ്

നടപ്പിലാക്കുന്നത്. അതുകൂടാതെ ബോൺ മാരോ ട്രാൻസ്പ്ലാന്റ് യൂണിറ്റുൾപ്പെടെയുള്ള പ്രവൃത്തികൾ അവിടെ ആരംഭിക്കുന്നതിനായി പ്രത്യേകമായി ബഡ്ജറ്റിൽ 2.88 കോടി രൂപ അനുവദിച്ചിട്ടുള്ളതിന്റെ ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്. ട്രാൻസ്പ്ലാന്റ് ഓർഗൺ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഇൻസ്റ്റിറ്റ്യൂട്ട് കോഴിക്കോട് ആരംഭിക്കുന്നതിനാൽ അതിന്റെ നോഡൽ ഓഫീസറെ നിശ്ചയിച്ച് മറ്റ് പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെപ്പറഞ്ഞ എല്ലാ കാര്യങ്ങളും ഞാൻ എടുത്ത് പറയുന്നില്ല. ഇതിന്റെ ഓരോ വികസനപ്രവർത്തനങ്ങളിലും... പ്രത്യേകിച്ച് കോഴിക്കോട് മെഡിക്കൽ കോളേജിന്റെ ഓരോ സൂക്ഷ്മാംശത്തിലും ഇടപെടുന്ന ബഹുമാനപ്പെട്ട അംഗമാണ് അദ്ദേഹം.

2012-ൽ Neonatology വിഭാഗം അവിടെ ആരംഭിക്കാൻ ഒരു ഉത്തരവ് ഉണ്ടായിരുന്നുവെങ്കിലും അന്നത് ആരംഭിക്കുന്നതിന് സാധിച്ചിരുന്നില്ല. തുടർന്ന് ഈ സർക്കാരിന്റെ കാലത്താണ് ഈ ഡിപ്പാർട്ട്മെന്റ് ആരംഭിച്ചത്. നവജാതശിശുക്കൾക്കുള്ള ഏറ്റവും അനിവാര്യമായ Neonatology കെയർ അവിടെ കൊടുക്കുന്നതിന് സാധിക്കുന്നതിനാൽ അതിനാവശ്യമായ

ഡോക്ടർമാരെ അവിടെ നിയമിച്ച് പ്രവർത്തിച്ചുവരുന്നു. 'ലക്ഷ്യ' പദ്ധതിയുടെ അംഗീകാരം ഈ മെഡിക്കൽ കോളേജിന് ലഭിച്ചിട്ടുണ്ട്. മദർ ന്യൂ ബോൺ കെയർ യൂണിറ്റ് അവിടെ വളരെ മനോഹരമായി നിർമ്മിച്ചു. മാത്രവുമല്ല; ഇവിടെനിന്നും നമുക്ക് ടെലി മെഡിസിൻ വഴി നേരിട്ട് അട്ടപ്പാടിയിലെ രോഗികളുമായി ആശയവിനിമയം നടത്തുന്നതിനും ഐ.സി.യു.-വിലുള്ള രോഗികളുടെ കാര്യങ്ങൾ നോക്കുന്നതിനും ആധുനിക സാങ്കേതികവിദ്യയോടുകൂടിയ ഒരു റൂം സജ്ജീകരിച്ച് പ്രവർത്തനം നടക്കുന്നുണ്ട്. ക്രിട്ടിക്കൽ കെയർ യൂണിറ്റിനുവേണ്ടി നിലവിലുള്ളതുകൂടാതെ 23.75 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പെറ്റ് സ്കാൻ-ന്റെ കാര്യവും ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞു.

Rheumatology, Interventional radiology, Endocrinology എന്നീ വിഭാഗങ്ങൾ പുതുതായി ആരംഭിക്കുന്നതിനും എമർജൻസി മെഡിസിൻ കാർഡിയോതൊറാസിക് സർജറീസ്, സർജിക്കൽ ഗ്യാസ്ട്രോ എൻട്രോളജി, Neonatology എന്നീ വിഭാഗങ്ങൾ ശക്തിപ്പെടുത്തുന്നതിനുമായി 2023

ഡിസംബർ മാസത്തിൽ 9 അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിരുന്നു. വിശദമായ വിവരങ്ങൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു+.

അതുകൂടാതെ ബീച്ച് ആശുപത്രിയിലും ദൈനംദിനം ഏകദേശം 2500 രോഗികളാണുള്ളത്. അവിടെ കാർഡിയോളജി, ന്യൂറോളജി, ഡിസ്ട്രിക്ട് ഏർളി ഇന്റർവെൻഷൻ സെന്ററുമൊക്കെ പ്രവർത്തിക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം സ്പെസിഫിക്കായി പറഞ്ഞ കാര്യങ്ങൾ കൂടിയുൾപ്പെടുത്തി മുന്നോട്ടുപോകുന്നതിനാണ് ശ്രമിക്കുന്നത്.

മി. സ്പീക്കർ: മിനിസ്റ്റർ...ബ്രോങ്കോസ്സ്കോപ്പിയെ കുറിച്ച് പറഞ്ഞോ?

ശ്രീമതി വീണാ ജോർജ്: സർ, അതാണ് ഞാൻ പറഞ്ഞത്. ബ്രോങ്കോസ്കോപ്പിയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗം പറഞ്ഞ ഡയമീറ്റർ കുറവുള്ളത് നൽകുന്നതുസംബന്ധിച്ചുള്ള തീരുമാനമെടുത്തിട്ടുണ്ട്. അത് നൽകുന്നതാണ്.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, ആരോഗ്യ വകുപ്പുമന്ത്രി വളരെ സ്തുത്യർഹമായ നിലയിൽ ഇടപെടുന്ന ഒരു മേഖലയാണിത്. അതുകൊണ്ടുതന്നെ ഒട്ടേറെ മാറ്റങ്ങൾ വരുത്താൻ സാധിച്ചിട്ടുണ്ടെന്നതും ഒരു വസ്തുതയാണ്.

+ അനുബന്ധമായി ചേർക്കുന്നു

അതുകൊണ്ട് അവിടെയുള്ള പ്രവർത്തനങ്ങൾ ആകെ കോ-ഓർഡിനേറ്റ് ചെയ്യാൻ... ഒരുപാട് പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ചില പോരായ്മകളുമുണ്ട്. അത് മാറ്റിയെടുക്കുന്നതിന് മന്ത്രിയുടെ നേതൃത്വത്തിൽ ഡി.എം.ഇ., ഹെൽത്ത് സെക്രട്ടറി എന്നിവർ ചേർന്നുകൊണ്ട് ഒരു മീറ്റിംഗ് വിളിച്ചുചേർത്ത് അക്കാര്യത്തിൽ ഒരു പരിഹാരം കണ്ടെത്തുവാൻ സാധിക്കുമോ?

ശ്രീമതി വീണാ ജോർജ്: സർ, തീർച്ചയായും. ഓരോ മാസവും മെഡിക്കൽ കോളേജിനെ സംബന്ധിച്ച അവലോകനയോഗം അഡീഷണൽ ചീഫ് സെക്രട്ടറിയും ഡി.എം.ഇ.-യുമെല്ലാം ചേർന്ന് നടക്കുന്നുണ്ട്. അടുത്ത യോഗത്തിൽ ബഹുമാനപ്പെട്ട അംഗത്തെയും കൂടി ഉൾപ്പെടുത്തി ആ യോഗം ചേരുന്നതാണ്.

(2) പിന്നാക്ക-ന്യൂനപക്ഷ വിഭാഗങ്ങളുടെ ശാക്തീകരണം

ശ്രീ. ടി. വി. ഇബ്രാഹിം: സർ, സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗ്ഗ, മറ്റ് പിന്നാക്ക-ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ടവരുടെ ഉദ്യോഗസ്ഥ പ്രാതിനിധ്യത്തെ കുറിച്ചുള്ള സ്ഥിതി വിവരണ കണക്കുകൾ ഇന്ന് ലഭ്യമാണ്. കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ, സർക്കാർ വകുപ്പുകൾ,

സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ തുടങ്ങിയവയിലെ പിന്നാക്ക വിഭാഗങ്ങളുടെ സംസ്ഥാനത്തെ സർവ്വീസിലെ പ്രാതിനിധ്യം കണ്ടെത്താൻ ഉതകുന്ന തരത്തിൽ 'സി-ഡെസ്ക്' എന്ന പേരിൽ ഒരു വെബ് പോർട്ടൽ 2017-ൽ ഡെവലപ്പ് ചെയ്യുകയും 2018 ജൂലൈ മുതൽ ഇതിലേയ്ക്ക് ഓരോ സ്ഥാപനങ്ങളിലേയ്ക്കും നിയമിതരായ ഉദ്യോഗസ്ഥന്മാരുടെ പട്ടിക അപ്‌ലോഡ് ചെയ്യണമെന്ന് നിർദ്ദേശം നൽകുകയും ചെയ്തു. 2018-ൽ ഇതിനുവേണ്ടി സർക്കാർ പ്രത്യേകം നോഡൽ ഓഫീസർമാരെ നിയമിക്കുകയും അവർക്ക് വിപുലമായ പരിശീലനം നൽകുകയും ചെയ്തു. അങ്ങനെ ലഭ്യമാക്കിയിട്ടുള്ള ജീവനക്കാരുടെയും മറ്റ് ഉദ്യോഗസ്ഥന്മാരുടെയും സ്ഥിതിവിവര കണക്കുകൾ ഇന്ന് ആ വെബ് പോർട്ടലിൽ ലഭ്യമാണ്. മാത്രമല്ല, നിയമസഭയുടെ ഈ സമ്മേളനത്തിൽ ശ്രീ. പി. ഉബൈദുള്ള എം.എൽ.എ.-യുടെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2851-ന് മറുപടിയായി ബഹുമാനപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയായിരുന്ന ശ്രീ. കെ. രാധാകൃഷ്ണൻ രേഖാമൂലം ഉത്തരം നൽകുകയും ചെയ്തു. ഇപ്പോൾ ലഭ്യമായ ഈ

റിപ്പോർട്ടുപ്രകാരം ചില സമുദായങ്ങൾക്ക് ഉദ്യോഗസ്ഥ തലത്തിൽ മതിയായ പ്രാതിനിധ്യമില്ലെന്ന് ബോധ്യപ്പെടുന്നതാണ്. മാത്രമല്ല സർക്കാർ ഈ റിപ്പോർട്ട് പുറത്തുവിടുന്ന സന്ദർഭത്തിലാണ് ചില സമുദായങ്ങളോട് സർക്കാർ പ്രീണനം കാണിക്കുന്നുവെന്നും ചില സമുദായങ്ങൾ സർവ്വീസിലടക്കം അനർഹമായത് നേടിയെടുത്തിട്ടുണ്ടെന്നുള്ളത് സംസ്ഥാനത്തെ ഉന്നതരായ ചില സാമുദായിക നേതാക്കന്മാർ പ്രസ്ഥാവന ഇറക്കിയ സമയത്തുകൂടിയാണ് ഈ റിപ്പോർട്ട് നൽകുന്നത്. അത് വർഗ്ഗീയ ധ്രുവീകരണത്തിന് കാരണമാകുന്നുവെന്ന ഒരു സാമൂഹ്യ സാഹചര്യം നിലനിൽക്കെയാണ് ഈ റിപ്പോർട്ട് നൽകിയിട്ടുള്ളത്. ഈ റിപ്പോർട്ടുകൾ ആ വ്യക്തികളും  അതുപോലെ പ്രചരിപ്പിക്കുന്ന ആളുകളും പറഞ്ഞിരിക്കുന്ന എല്ലാ കാര്യങ്ങളും തെറ്റാണെന്ന് തെളിയിക്കുന്ന റിപ്പോർട്ടാണ് വന്നിരിക്കുന്നത്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ ഓരോ സമുദായങ്ങളുടെയും ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം അവർക്ക് ലഭിച്ചിട്ടില്ലെന്ന് വ്യക്തമാക്കുന്നുണ്ട്.  പ്രത്യേകിച്ച് സംസ്ഥാനത്ത് 27 ശതമാനം വരുന്ന മുസ്ലീം സമുദായത്തിന് 13.51 ശതമാനം പ്രാതിനിധ്യം മാത്രമെ സർക്കാർ സർവ്വീസ് ലഭ്യമായിട്ടുള്ളൂവെന്ന കണക്കാണ് പുറത്തുവിട്ടിട്ടുള്ളത്. ഇത്തരം

സാഹചര്യത്തിൽ യു.പി.എ. ഗവൺമെന്റിന്റെ കാലത്തുണ്ടാക്കിയ രജീന്ദർ സച്ചാർ കമ്മീഷൻ റിപ്പോർട്ട് കേരളത്തിൽ എങ്ങനെ നടപ്പിലാക്കുമെന്നതിനെ കുറിച്ച് കൂടുതൽ പ്രായോഗികമായി പഠിച്ച് റിപ്പോർട്ടുചെയ്യാൻ പാലോളി കമ്മീഷൻ നിലവിൽ വന്നു. രജീന്ദർ സച്ചാർ കമ്മീഷൻ റിപ്പോർട്ടും പാലോളി കമ്മീഷന്റെ റിപ്പോർട്ടും സംസ്ഥാനത്ത് വളരെ ഭാഗികമായി മാത്രമെ നടപ്പിലാക്കിയിട്ടുള്ളൂ. ഈ ഒരു സന്ദർഭത്തിൽ മുസ്ലീങ്ങൾ മാത്രമല്ല, ഇതുമൂലം പ്രാതിനിധ്യം നഷ്ടപ്പെട്ട സമുദായങ്ങൾക്കെല്ലാം സർക്കാർ സർവ്വീസിലും മറ്റുമേഖലകളിലും പ്രത്യേകിച്ച് പൊതുമേഖലാ സ്ഥാപനങ്ങളിലും പ്രാതിനിധ്യം ലഭ്യമാകുന്നൊരു നടപടിയാണ് സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടത്. ഈ റിപ്പോർട്ടുപ്രകാരം മുസ്ലീം സമുദായത്തിനുവേണ്ടി മാത്രമല്ല, മുസ്ലീം സമുദായത്തിലാണ് ഭീകരമായ പിന്നാക്കാവസ്ഥ തെളിക്കുന്ന റിപ്പോർട്ടെന്നാണ് പറയുന്നത്. സ്വാഭാവികമായും ഇതിനൊരു പരിഹാരമെന്ന നിലയ്ക്ക് സർക്കാർ...... മുസ്ലീം സമുദായത്തിൽ ഉദ്യോഗാർത്ഥികൾ കുറവാണെന്നുള്ളത് മറ്റ് സമുദായക്കാരുടെ കുഴപ്പമല്ല. അവർ നന്നായി പഠിച്ചു അവർ ജോലി നേടിയെന്നുള്ളത് സത്യമാണ്. സാമൂഹ്യനീതിയുടെ ഭാഗമായി എല്ലാ

സമുദായങ്ങളെയും ജനാധിപത്യത്തിന്റെ വിശാലമായ അർത്ഥത്തിലേയ്ക്ക്/ഭരണ തലത്തിലേയ്ക്ക് എത്തിക്കണമെങ്കിൽ സാമൂഹ്യനീതി ഉറപ്പാക്കുന്ന വിധത്തിലുള്ള സർക്കാർ ഉദ്യോഗത്തിലൂടെ പ്രാതിനിധ്യം ഉറപ്പുവരുത്താനാണ് ശ്രദ്ധ ക്ഷണിക്കലിലൂടെ സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കുന്നത്.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സംസ്ഥാനത്തെ മുസ്ലീങ്ങൾ ഉൾപ്പെടെയുള്ള പിന്നാക്ക വിഭാഗങ്ങളുടെ സമഗ്രവും പൊതുവെയുള്ള വികസനത്തിനും നിരവധി നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്. വിദ്യാഭ്യാസത്തിലൂടെ മാത്രമേ ശാശ്വതമായ പുരോഗതി സാധ്യമാകൂ എന്നതിനാൽ വിദ്യാഭ്യാസ പ്രവേശനത്തിൽ മുസ്ലീം സമുദായമുൾപ്പെടെയുള്ള പിന്നാക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യം ഉറപ്പാക്കുംവിധം സംവരണം സർക്കാർ ഉറപ്പുവരുത്തുന്നുണ്ട്. സംസ്ഥാന സർക്കാർ സർവ്വീസിലും മറ്റ് സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിലും യൂണിവേഴ്സിറ്റികളിലും പിന്നാക്കവിഭാഗങ്ങൾക്ക് ഉദ്യോഗതലത്തിൽ 40 ശതമാനം സംവരണം നൽകി ഉദ്യോഗ മേഖലയിൽ അവരുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നു. ആയതിൽ ക്ലാസ് 4 തസ്തികകളിൽ

10 ശതമാനം സംവരണവും ക്ലാസ് 4 ഇതര തസ്തികകളിൽ സംവരണം 12 ശതമാനവും മുസ്ലീങ്ങൾക്ക് പ്രത്യേകമായി അനുവദിച്ചുനൽകുന്നുണ്ട്. ലഭ്യമായിട്ടുള്ള പ്രാഥമിക കണക്കുകൾപ്രകാരം മുസ്ലീം പ്രാതിനിധ്യം ശരാശരി 11 ശതമാനം വേണ്ടിടത്ത് 13.5 ശതമാനം ലഭ്യമാകുന്നുണ്ട്. ഒരു സമുദായ വിഭാഗത്തിന് നീക്കിവച്ചിട്ടുള്ള സംവരണ വിഹിതം അവർക്കുതന്നെ ലഭ്യമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. സർക്കാർ സർവ്വീസിലെ സംവരണം അനുവദിക്കുന്നത് കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവ്വീസ് റൂൾ, 1958 പ്രകാരമാണ്. കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ, സർക്കാർ വകുപ്പുകൾ, സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ തുടങ്ങിയവയിലെ പിന്നാക്ക വിഭാഗങ്ങളിലെ പ്രാതിനിധ്യം കണ്ടെത്താനുതകുന്ന തരത്തിൽ ഒരു വെബ് പോർട്ടൽ തുടങ്ങുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ 2010 ആഗസ്റ്റിൽ ആരംഭിച്ചിട്ടുണ്ട്. 2017 ആഗസ്റ്റ് മാസം മുതൽ 2018 ജൂലൈ വരെയുള്ള കാലയളവിൽ അതാത് സർക്കാർ വകുപ്പുകളിലെയും സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിലെയും സ്ഥിരം ജീവനക്കാരുടെ വിവരങ്ങൾ വെബ് പോർട്ടലിൽ രേഖപ്പെടുത്തുന്നതിന് അതാത്

വകുപ്പുകളിൽ നിന്നുതന്നെ നോഡൽ ഓഫീസർമാരെ കണ്ടെത്തുകയും നോഡൽ ഓഫീസർമാർക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ഇതിനെത്തുടർന്ന് അതാത് വകുപ്പുകളിലെ/സ്ഥാപനങ്ങളിലെ നോഡൽ ഓഫീസർമാർ തങ്ങളുടെ വകുപ്പുകളിലെ/സ്ഥാപനങ്ങളിലെ സ്ഥിരം ജീവനക്കാരുടെ വിവരങ്ങൾ വെബ് പോർട്ടലിൽ ചേർത്തുവരുന്നു. ഈ വിവരങ്ങൾ വെബ് പോർട്ടലിൽ ചേർക്കുന്നത് സ്ഥിരം പ്രക്രിയയാണ്. ഇതുസംബന്ധിച്ച് ശേഖരിച്ച വിവരങ്ങൾ പൂർണ്ണമായിട്ടില്ല. e-CDESK (e-Caste Database of Employees in Service Kerala) -ലെ വിവരങ്ങൾ ശരിയായ രീതിയിൽ ലഭ്യമാകുകയും കൂടാതെ കേന്ദ്ര സർക്കാർ നിർദ്ദേശിച്ച പ്രകാരം ശേഖരിച്ച സാമൂഹിക സാമ്പത്തിക സർവ്വേയിലെ വിശദാംശങ്ങൾ ലഭ്യമാകുമ്പോൾ മാത്രമേ സർക്കാർ സർവ്വീസിലെ വിവിധ സാമൂഹിക വിഭാഗങ്ങളുടെ പ്രാതിനിധ്യം സംബന്ധിച്ച കൃത്യമായ വിലയിരുത്തൽ നടത്താൻ സാധിക്കുകയുള്ളൂ. പിന്നാക്ക വിഭാഗങ്ങളുടെ വികസനത്തിനായി കാര്യക്ഷമമായാണ് സർക്കാർ പ്രവർത്തിച്ചുവരുന്നത്. ഇന്ത്യയിലെ ന്യൂനപക്ഷ വിഭാഗങ്ങളുടെ സാമൂഹ്യവും വിദ്യാഭ്യാസപരവുമായ പിന്നാക്കാവസ്ഥയെക്കുറിച്ച് പഠിച്ച് ശിപാർശകൾ

സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നിയോഗിച്ച ഉന്നതാധികാര സമിതി സച്ചാർ കമ്മിറ്റി തൊഴിൽ, വിദ്യാഭ്യാസം, അടിസ്ഥാന സൗകര്യ വികസനം എന്നീ രംഗങ്ങളിൽ ന്യൂനപക്ഷങ്ങൾക്ക് അവസരം, സമത്വം എന്നിവ ഉറപ്പുവരുത്തുന്നതിനുള്ള നിർദ്ദേശം മുന്നോട്ടുവച്ചു. ഇവ സംസ്ഥാനത്ത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങൾ സമർപ്പിക്കാനായി സംസ്ഥാന സർക്കാർ രൂപീകരിച്ച പാലോളി മുഹമ്മദ് കമ്മിറ്റി നിർദ്ദേശപ്രകാരം ന്യൂനപക്ഷക്ഷേമ വകുപ്പ് രൂപീകരിക്കുകയും അതിന്റെ ആഭിമുഖ്യത്തിൽ ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി, യു.പി.എസ്.സി., ബാങ്കിംഗ് എന്നീ വിവിധ മേഖലകളിൽ ജോലി ലഭിക്കുന്നതിനായി വകുപ്പിനുകീഴിൽ 24 സൗജന്യ പരിശീലന കേന്ദ്രങ്ങളും 27 ഉപപരിശീലന കേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു. ഇവയിലൂടെ നാളിതുവരെ 34278 യുവജനങ്ങൾക്ക് പരിശീലനം നൽകുകയും ആയതിൽ 2389 ഉദ്യോഗാർത്ഥികൾക്ക് കേന്ദ്ര-സംസ്ഥാന സർവ്വീസിലും ബാങ്കിംഗ്, യു.പി.എസ്.സി. മേഖലകളിലും തൊഴിൽ നേടാൻ സാധിച്ചിട്ടുണ്ട്. മുഴുവൻ പിന്നാക്ക വിഭാഗങ്ങൾക്കുമായി വിദ്യാഭ്യാസ, തൊഴിൽ വായ്പാ പദ്ധതികളും ഇതിനുപുറമെ ഈ രംഗത്ത് നടപ്പാക്കിവരുന്നു. 1

മുതൽ 8 വരെയുള്ള ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് കേന്ദ്ര സർക്കാർ നിർത്തലാക്കിയപ്പോൾ സംസ്ഥാന സർക്കാർ 20 കോടി രൂപ ബഡ്ജറ്റ് വിഹിതം വകയിരുത്തി 'മാർഗ്ഗദീപം' എന്നപേരിൽ പുതിയപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിൽ നിന്നുതന്നെ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നിലപാടുകൾ നമുക്ക് മനസ്സിലാക്കാം. സംസ്ഥാനത്തെ മതന്യൂനപക്ഷമുൾപ്പെടെയുള്ള എല്ലാ ജനവിഭാഗങ്ങളുടെയും ഭരണഘടനാ പരമായിട്ടുള്ള അവകാശങ്ങളും സാമൂഹ്യനീതിയും ഉറപ്പുവരുത്തുന്നതിന് ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, 2018-ൽ എല്ലാ ഡിപ്പാർട്ടുമെന്റുകളും പൊതുമേഖലാ സ്ഥാപനങ്ങളും e-CDESK (e-Caste Database of Employees in Service Kerala) എന്ന പോർട്ടലിൽ വിവരങ്ങൾ അപ്‌ലോഡ് ചെയ്യണമെന്ന് പറഞ്ഞിരുന്നു. എന്നാൽ പല ഡിപ്പാർട്ടുമെന്റുകളും കൊടുത്തിട്ടില്ല. നിലവിൽ 300 ഡിപ്പാർട്ടുമെന്റുകൾ മാത്രമാണ് നൽകിയിട്ടുള്ളത്. അപ്‌ലോഡ് ചെയ്യാത്ത വകുപ്പുമേധാവികളെക്കൊണ്ട് വളരെ വേഗത്തിൽ അപ്‌ലോഡ് ചെയ്യിപ്പിക്കാനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ; ബഹുമാനപ്പെട്ട

മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാന സർക്കാർ ഇതൊരു വലിയ വിഷയമായെടുത്ത് പരിശോധിച്ച് സാമൂഹ്യനീതി ഉറപ്പുവരുത്താനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഒ. ആർ. കേളു: സർക്കാർ എല്ലാ വകുപ്പിനും ആവശ്യമായ നിർദ്ദേശം നേരത്തേ നൽകിയിട്ടുണ്ട്. ആ കാര്യങ്ങൾ ക്രമീകരിച്ചുവരുന്നതേയുള്ളൂ. അതാണ് പൂർണ്ണമായിട്ടില്ലെന്ന് ഞാൻ സൂചിപ്പിച്ചത്.